(എച്ച്) സംവിധാനമുണ്ട്. നിശ്ചിത സമയത്ത് കമ്പാക്ഷൻ നടത്തിയില്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തി അവരിൽ നിന്ന് തുക ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഐ) നിർദ്ദേശിച്ചിട്ടുണ്ട്.

(ജെ) റെക്ടിഫിക്കേഷൻ എത്രയും പെട്ടെന്നുതന്നെ ചെയ്തുവരുന്നുണ്ട്.

(കെ) മഴക്കാലത്ത് ടാർ കട്ടിംഗ് അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ ചെയ്യുവാൻ അനുമതി നൽകാറുള്ളൂ.

സ്വകാര്യ ഏജൻസികൾ ഏറ്റെടുത്തു നടത്തുന്ന റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

90 [706] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണമാണ് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്:

(സി) ഇവ എന്നാരംഭിച്ചതാണെന്ന് പറയാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി ആന്റ് സി) ഇവയുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

മയ്യനാട് താന്നിപ്പാലത്തിന്റെ പുനർനിർമ്മാണം

91 [707] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയ്യനാട് താന്നി പാലത്തിന്റെ മുടങ്ങി കിടക്കുന്ന പണി പുനരാരംഭിക്കുവാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പാലം പണി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ ഈ ബില്ലിൽ പ്രധാനമായിട്ടും ഊന്നൽ നൽകുന്നത് സ്ത്രീശാക്തീകരണത്തിനാണ്. അങ്ങയുടെ വിശദീകരണത്തിലും അതിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. അപ്പോൾ ഈ സ്വയം തൊഴിൽ മേഖലയിൽ സ്ത്രീകളെ കൂടുതൽ ഭാഗഭാക്കാക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്നുള്ളതാണ് അങ്ങ് ലക്ഷ്യമിട്ടത് എന്ന് ഞാൻ കരുതുന്നു. അതിന് അടിസ്ഥാനമായിട്ടുള്ള നിയമ നിർമ്മാണമാണ്. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുവരുന്ന സമയത്താണ് ബഹുമാനപ്പെട്ട ബാബു പറഞ്ഞ കാര്യത്തിന്റെ പ്രസക്തി വരുന്നത്. പാർലമെന്റിൽ അല്ലെങ്കിൽ നിയമസഭയിൽ 33 ശതമാനം സ്ത്രീ സംവരണം ഈ നിയമ നിർമ്മാണം സ്ത്രീകളുടെ പൊതുതാൽപര്യത്തിനാണ് ഊന്നൽ നൽകുന്നതെങ്കിൽ കൃത്യമായ ഒരു അഭിപ്രായം ഇക്കാര്യത്തിലുണ്ടാകണം. അങ്ങ് ഒരു രാഷ്ട്രീയ പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ടാണ് നിൽക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി സി.പി.ഐ.(എം)ആണ്. സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊടുക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നു. അതിന് എല്ലാ നടപടികളും സ്വീകരിക്കുവാൻ തയ്യാറാണ്. അങ്ങ് പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ വീക്ഷണം ആ കാര്യത്തിൽ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ബാബു: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നിലപാട് ഇക്കാര്യത്തിൽ സ്ത്രീകൾക്ക് പാർലമെന്റിലും നിയമസഭയിലും മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തണമെന്നാണ്. അന്ന് കോമൺ മിനിമം പ്രോഗ്രാം (സി.എം.പി.) ഉണ്ടായിരുന്നത് അങ്ങേയ്ക്ക് അറിയാമോ? ഇപ്പോൾ സംസാരിച്ച പേരാമ്പ്ര മെമ്പറുടെ പാർട്ടി ഇക്കാലമത്രയും സ്ത്രീകൾക്കുവേണ്ടി വാദിച്ചിട്ട് അവരുടെ പോളിറ്റ്ബ്യൂറോയിൽ ഒരു വനിതാംഗം പോലും ഇല്ലെന്നുള്ള കാര്യം അറിയുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ബഹുമാന്യനായ ബാബു പറഞ്ഞതു പോലെ അവർ എല്ലാം പറയുക മാത്രമെയുള്ളൂ. ഒന്നും പ്രവർത്തിക്കാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

(3) 2004-ലെ കേരള മലയോര വികസന അതോറിറ്റി ബിൽ

ശ്രീ. കെ. സി. ജോസഫ് : സർ, 2004 ലെ കേരള മലയോര വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. സി. ജോസഫ് മലയോര പ്രദേശത്തെ സാമ്പത്തിക വളർച്ചയ്ക്കും അവിടത്തെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ